# പരിഭ്രാന്തി വളർത്തുന്ന റിപ്പോർട്ടിൽ അമർഷം

വി. രാജഗോപാൽ

ഭോപ്പാൽ: 'ആരാണ് മരിച്ച നൂറ് മലയാളികൾ?' നിങ്ങൾ ആ ലിസ്റ്റ് ഒന്ന് കാണിച്ചു തരാമോ' 'ശരി ഇവിടെ വന്നതു് മരിക്കാത്ത ഞങ്ങളെ കൊല്ലാനാണോ?' 'തോന്നുന്ന തുമ്പരിച്ചു ഓരോന്ന് എഴുതിവിട്ടാൽ നാട്ടിൽ ഞങ്ങളുടെ കുടുംബങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?'—ഈ ലേഖകൻ താമസിക്കുന്ന ബെറസ്യ റോഡിലെ മയൂർ ഹോട്ടലിലെ 104ാം നമ്പർ മുറിയിൽ കയറി വന്ന ഒരു കൂട്ടം മലയാളി യുവാക്കളുടെ ഈ ചോദ്യങ്ങൾക്ക് മുൻപിൽ ആദ്യം അന്തം വിട്ടു നിൽക്കുകയായിരുന്നു.

അധികം കഴിയുന്നതിന്നു മുമ്പേ കാര്യം പിടി കിട്ടിയപ്പോൾ ആശ്വാസമായി. ഭോപ്പാലിലേക്ക് സ്വന്തം പ്രതിനിധിയെ അയച്ച ഏതോ ഒരു മലയാള പത്രത്തിൽ നൂറിലേറെ മലയാളികൾ മരിച്ചതായി വന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ചെറുപ്പക്കാരുടെ പരിഭ്രാന്തി മൂന്നുദിവസംമുൻപ് ഇവിടെ നിന്നയച്ച കമ്പികളൊന്നും നാട്ടിൽ കിട്ടിയിട്ടില്ല അത്തരമൊരു സാഹചര്യത്തിൽ ഇങ്ങിനെ വാർത്ത വന്നാലോ? 100 പോയിട്ട് അതിന്റെ അഞ്ചിലൊന്നു എങ്കിലും മരിച്ചിരുന്നെങ്കിൽ സഹിക്കാമായിരുന്നു.

'മാതൃഭൂമി'യിൽ ഇങ്ങിനെ വാർത്ത വന്നില്ലെന്നു അറിഞ്ഞപ്പോൾ അഞ്ച് കൊല്ലം മുൻപ് മട്ടന്നൂർ പഴശ്ശി രാജ കോളേജിൽ ചെയർമാനായിരുന്ന ഭോപ്പാൽ സെഫിയ കോളേജിലെ എം. എസ്‌സി. ഫൈനൽ വിദ്യാർത്ഥി ഇരിട്ടി മാത്തസ്വദേശിയായ മംഗലത്ത് ദേവസ്യ പറഞ്ഞു 'സെഫിയ കോളേജിലും ബി. എസ്. എസ്. എസ്. കോളേജിലും രവീന്ദ്ര കോളേജിലും മാത്രമാണ് ഇവിടെ മലയാളികളുള്ളതു്. ഉത്തന്നെ മുന്നൂറോളം വരും. അവർക്കൊന്നും തന്നെ പററിയിട്ടില്ല. ഇതൊന്ന് സാറിന്റെ പത്രത്തിൽ എഴുതിയാൽ ഇനിയെങ്കിലും കുടുംബങ്ങൾ ആശ്വസിക്കട്ടെ.'

ദേവസ്യയോടൊപ്പമുണ്ടായിരുന്ന പേരാവൂർ സ്വദേശിയായ ഇവിടുത്തെ രവീന്ദ്ര കോളേജ് ഇംഗ്ലീഷ് ലക്ചറർ ജോയ് പെരുമ്പനിയുടെയും കുടുംബത്തിന്റെയും ശവസംസ്ക്കാരത്തിനുള്ള ഒരുക്കങ്ങളോടെയാണ് ജോയിയുടെ സഹോദരന്മാർ പഞ്ചാബിൽ നിന്നു എത്തിയതു്. പഞ്ചാബിലെ പത്രങ്ങളിൽ ഭോപ്പാലിൽ മിക്കവാറും എല്ലാവരും മരിച്ചുവെന്ന നിലയിലായിരുന്നു റിപ്പോർട്ട്. ഭോപ്പാലിൽ പൊലീസുകാരനായ മുടിയോർക്കൊണം (പന്തളം) സ്വദേശി മാത്യുവിന്നും, എസ് ബി ഐയിൽ ജോലി ചെയ്യുന്ന റാന്നിക്കാരൻ ബാബുവിന്നും, സ്റ്റേററ് ഗവർമ്മെണ്ട് ജീവനക്കാരായ മോഹനൻ (ആലപ്പുഴ), ബാലചന്ദ്രൻ നായർ (തേവള്ളി കൊല്ലം), ജേക്കബ്ബ് മാത്യു (തിരുവല്ല), ഹബീബ് റഹ്മാൻ (ആലുവ) എന്നിവരെല്ലാമാണ് ഓടിയെത്തിയതു്.

അംഗങ്ങൾക്കിടയിൽ നിന്നു 1500 ക. യോളം പിരിച്ചെടുത്ത് ജയപ്രകാശ് ആസ്പത്രിയിലും മററും ഭക്ഷണം വിതരണം ചെയ്യു യുണൈററഡ് മലയാളി അസോസിയേഷൻ പ്രവർത്തകർ മുഴവനം, ആസ്പത്രി മോർച്ചറികളും വാർഡുകളും കയറിയിറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു— അവർ പോലും അറിയാതെയാണ് മരിച്ച മലയാളികൾ നൂറായി മാറിയതു്. അവരോടൊപ്പം തന്നെയാണ് എല്ലാ ആസ്പത്രികളിലും പ്രവേശിപ്പിക്കപ്പെട്ട രോഗികളേയും മലയാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും കഴിഞ്ഞ മൂന്നു ദിവസം ചുററിക്കറങ്ങിയ ഈ ലേഖകന്ന് ഒന്ന് ഉറപ്പിച്ചു പറയാൻ കഴിയും—വിരലിലെണ്ണാവുന്ന മലയാളികളെ ഇവിടെ ഭോപാലിൽ മരിച്ചിട്ടുള്ളുവെന്ന്.

ഇൻഡോറിലും ഝാൻസിയിലും ബീനയിലും ആസ്പത്രികളിൽ മലയാളികൾ മരിച്ചിട്ടുണ്ടാവാമെന്നതു് ഊഹം മാത്രം. ഭോപ്പാൽ ആസ്പത്രികളിൽ ചികിത്സയിൽ കഴിയുന്ന മലയാളികൾ 33 പേർ മാത്രമാണ്—ഇവരിൽ മിക്കവാറും കണ്ണുരോഗികളും. ഒററപ്പെട്ടു താമസിക്കുന്ന മലയാളികൾ മരിച്ചിട്ടുണ്ടാകാം. മോർച്ചറികളിൽ മലയാളി അസോസിയേഷൻ പ്രവർത്തകന്മാർക്കു് സംശയം തോന്നിയ ശവങ്ങൾ നാലോ അഞ്ചോ മാത്രം.

## തിരക്ക് തുടരുന്നു

വിഷവായു ദുരന്തത്തിൽ പെട്ട രോഗികളുടെ തിരക്ക അതേ നിലയിൽ തന്നെ ഇവിടെ ആസ്പത്രിയിൽ തുടരുകയാണെങ്കിലും മരണങ്ങൾ കുറഞ്ഞു തുടങ്ങി. ഔദ്യോഗിക കണക്ക് 1500ൽ താഴെയാണെങ്കിലും 2500 പേരെങ്കിലും മരിച്ചതായി വിവിധ സ്ഥലങ്ങളിൽ സംസ്കരിക്കപ്പെട്ട ശവങ്ങളുടെ എണ്ണം വ്യക്തമാക്കുന്നു. അതേസമയം അനാഥശവങ്ങൾ ഒന്നിച്ചു ദഹിപ്പിച്ചതു ഇതിന്നു പുറമേയാണ്.

കണ്ണുരോഗികൾ ആസ്പത്രിയിൽ നിന്നു മടങ്ങിപ്പോയവർ വീണ്ടും ആസ്പത്രികളിൽ വന്നുകൊണ്ടിരിക്കുകയാണ്. അച്ഛനമ്മമാർ മരിച്ച അനാഥ കുട്ടികളാണ് അധികൃതർക്ക് പ്രശ്നമായി മാറിയിട്ടുള്ളത്.

വിഷവായു ഇപ്പോഴും ഭോപ്പാലിലെ അന്തരീക്ഷത്തിൽ നിലനിൽക്കുന്നു എന്ന അനൗദ്യോഗികറിപ്പോർട്ടുകൾ ഇവിടെ പരിഭ്രാന്തി പരത്തിയിട്ടുണ്ട്. ആളുകൾ പ്രത്യേകിച്ചും മലയാളികളടക്കമുള്ള തെക്കെ ഇന്ത്യക്കാർ ഭോപ്പാൽ വിട്ടു തുടങ്ങി.

ഭോപ്പാലിലെ ചെറിയ തടാകത്തിലും വലിയ തടാകത്തിലും ചാലിയാറിനെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ മത്സ്യങ്ങൾ ചത്തു പൊന്താൻ തുടങ്ങി. വൃക്ഷങ്ങളിൽ ചിലതെങ്കിലും കരിയാൻ തുടങ്ങിയിട്ടുണ്ട്. ഇതെല്ലാം തന്നെ ജനങ്ങളെ സംഭ്രാന്തരാക്കിയിട്ടുണ്ട്.

വിവിധ ആസ്പത്രികളിലും മററുമായി സാമൂഹ്യ സംഘടനകളും കോളേജ് വിദ്യാർത്ഥികളും എൻ.സി.സി. കാഡററുകളും നടത്തുന്ന രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്.

## അന്തരീക്ഷം സുരക്ഷിതം

ഭോപ്പാലിലെ അന്തരീക്ഷം പൂർണ്ണമായും സുരക്ഷിതമായിട്ടുണ്ടെന്നു സാങ്കേതിക വിദഗ്ദ്ധരുടെ ഒരുസംഘം അറിയിച്ചു. വിഷവാതകത്തിന്റെ അംശം അന്തരീക്ഷത്തിൽ തീരെയില്ല. ഔദ്യോഗിക റിപ്പോർട്ടിൽ പറയുന്നു.

## ജനതാപാർട്ടിയിൽ

ബെൽഗാം: ദേവരാജ് അർസ്സ് മന്ത്രിസഭയിൽ അംഗമായിരുന്ന ആർ. ഡി. കിട്ടൂർ കോൺ.ഐ യിലെ പ്രാഥമികാംഗത്വം രാജിവെച്ച് ജനതാ പാർട്ടിയിൽ ചേർന്നിരിയ്ക്കുന്നു. ലോക്സഭാ സ്ഥാനാർത്ഥി കേന്ദ്രമന്ത്രി ശങ്കരാനന്ദിന്നെതിരെ താൻ പ്രചാരണം നടത്തുമെന്നു കിട്ടൂർ അറിയിച്ചു.

അഖിലേന്ത്യാ മുസ്ലിം മജ്ലിസ്സ് (കാണ്ഡ്ലാഗ്രൂപ്പ്) നിരുപാധികം ജനതാപാർട്ടിയിൽ ലയിക്കാൻ തീരുമാനിച്ചിരിയ്ക്കുന്നു.

## മാററിവെച്ചു

കോഴിക്കോട്: ഡിസംബർ 15, 16, 17 തിയ്യതികളിൽ നടത്താൻ തീരുമാനിച്ചിരുന്ന സോഷ്യലിസ്റ്റ് പ്രസ്ഥാന സുവർണ്ണ ജൂബിലിയാഘോഷം തിരഞ്ഞെടുപ്പ് പ്രമാണിച്ച് മാററിവെച്ചതായി കെ. പി. മുഹമ്മദ് അറിയിച്ചു.

# ശ്രീകൃഷ്ണ ലോക്കററ ഹൈക്കോടതി ഉത്തരവ

ന്യൂഡൽഹി: ഗുരുവായൂർ ദേവസ്വം വക 50 കിലോ ഗ്രാം സ്വർണ്ണം ശ്രീകൃഷ്ണന്റെ ചിത്രമുള്ള ലോക്കററുകളാക്കി മാററുന്നതിൽ നിന്നു് ദേവസ്വം മാനേജിംഗ് കമ്മിററിയെ വിലക്കിക്കൊണ്ട് കേരള ഹൈക്കോടതി ഒക്ടോബർ 12—ാംനു പുറപ്പെടുവിച്ച താൽകാലിക ഉത്തരവ് സുപ്രീംകോടതി വെള്ളിയാഴ്ച റദ്ദാക്കി. 22 കാരററിൽ 10 ഗ്രാം വീതമുള്ള ലോക്കററുകൾ നിർമ്മിക്കാനായിരുന്നു മാനേജിംഗ് കമ്മിററിയുടെ ഉദ്ദേശം.

ലോക്കററ് വിററുകിട്ടുന്നപണം ഒരു പ്രത്യേക എക്കൗണ്ടിൽ ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കണമെന്ന്, ജസ്റ്റിസ് എ.പി. സെൻ, ജസ്റ്റിസ് വി. ബാലകൃഷ്ണഏറാടി എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു.

തങ്ങളുടെ ഉത്തരവ് കമ്പി മാർഗം മാനേജിംഗ് കമ്മിററിയെ അറിയിക്കണമെന്നും ജസ്റ്റിസുമാർ നിർദ്ദേശിച്ചു.

എന്നാൽ ഹൈക്കോടതി മുമ്പാകെയുള്ള റിട്ട് ഹരജിയിൽ കക്ഷികൾ തമ്മിലുള്ള വിവാദത്തിന്റെ കാര്യത്തിൽ കോടതി അഭിപ്രായമൊന്നും പ്രകടി

## തെരഞ്ഞെടുപ്പു കമ്മീഷന്റെ ഉദ്യോഗസ്ഥർ വരുന്നു

കൊച്ചി: കേരളത്തിലെ തെരഞ്ഞെടുപ്പു ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനായി ന്യൂഡൽഹിയിൽ നിന്നും തെരഞ്ഞെടുപ്പു കമ്മീഷന്റെ ഒരു സംഘം ഉദ്യോഗസ്ഥർ അടുത്തായ്ച കൊച്ചിയിലെത്തും.

സംസ്ഥാന സർക്കാറിന്റെ ഉദ്യോഗസ്ഥന്മാരുമായി അവർ ചർച്ച നടത്തുന്നതാണ്. തെരഞ്ഞെടുപ്പു ദിവസം ഓരോ മണ്ഡലത്തിലും നിരീക്ഷകരുടെ ചുമതല വഹിക്കേണ്ടവരുടെ പട്ടിക സംസ്ഥാനസർക്കാർതയ്യാർക്കിവരുന്നു